(സി)

പൂർത്തീകരിച്ച പദ്ധതി	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
1. പുതുശ്ശേരി	37.85
2. വട്ടപ്പാറ	64.64
3. പേരാൽകുളിക്കടവ്	52.395
4. പൂരിൻജി	59.88

(ഡി) ഉണ്ട്.

(ഇ) പേരാൽ കുളിക്കടവ് പദ്ധതി 7-9-2002-ൽ ആരംഭിച്ച് 31-3-2004-ന് പൂർത്തീകരിച്ചു. ഈ പദ്ധതിയിൻ കീഴിൽ 52,39566 രൂപ (അൻപത്തി രണ്ടു ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി അഞ്ഞൂററി അറുപത്താറു രൂപ) ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് നടപ്പിലാക്കിയത്.

(ജി) പേരാൽ കുളിക്കടവ് പദ്ധതിയുടെ കൺവീനർ ശ്രീ. സി. കെ. ഇബ്രാഹീം, ചെള്ളിയോട്ടുമ്മേൽ ഹൗസ്, പടിഞ്ഞാറെത്തറ, തരിയോട് നോർത്ത് എന്നയാളായിരുന്നു.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) പരാതി സംബന്ധിച്ച് ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

മിൽമ ഏജൻറുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കാൻ നടപടി

141 [2131] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽമയുടെ വിവിധ ഡയറികളിലായി പ്രതിദിനം ഇപ്പോൾ എത്ര ലിറ്റർ പാൽ വിൽപ്പന നടത്തുന്നു എന്നു വ്യക്തമാക്കുമോ;

(ബി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) മിൽമയുടെ പാൽ വിതരണം നടത്തുന്നതിന് എത്ര ഏജൻസികൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഏജൻറുമാർക്ക് ഇന്നു നൽകുന്ന കമ്മീഷനും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) തുച്ഛമായ കമ്മീഷൻ നൽകുന്നതിനാൽ പല ഏജൻറുമാരും മിൽമയിൽ നിന്നു വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഏജൻറുമാരുടെ കമ്മീഷനും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിൽമയുടെ വിവിധ ഡയറികളിലായി പ്രതിദിനം ശരാശരി 8.05 ലക്ഷം ലിറ്റർ പാൽ വിൽപ്പന നടത്തുന്നു.

(ബി) പാലിന്റെ ഉൽപ്പാദന/ഗുണമേന്മ വർദ്ധനവിന് ആവശ്യമായ പരിശീലന പരിപാടികളും മിൽമ ക്ഷീരകർഷകർക്കും സംഘങ്ങൾക്കും ലഭ്യമാക്കുന്നു. കുറഞ്ഞ വിലയ്ക്ക് പരമാവധി ഗുണനിലവാരമുള്ള കാലിത്തീറ്റ സ്ഥിരമായി ലഭ്യമാക്കുന്നു. വിവിധ ക്ഷീരകർഷകക്ഷേമ പദ്ധതികളും ഇൻഷ്വറൻസ് പരിരക്ഷയും കർഷകനും കാലികൾക്കും ലഭ്യമാക്കുന്നുണ്ട്.

(സി) 2005 മേയ് 31-ലെ കണക്കുകൾ പ്രകാരം മൂന്ന് മേഖലാ യൂണിയനുകളിലുമായി 11037 ഏജൻസികൾ അനുവദിച്ചിട്ടുണ്ട്.

(ഡി) പാലിന്റെ വിൽപ്പനയ്ക്ക് ഏജൻറുമാർക്ക് 4% കമ്മീഷനും നെയ്യ്, തൈര്, സംഭാരം, ഐസ്ക്രീം എന്നിവയ്ക്ക് യഥാക്രമം 12-16%, 13.5%, 33%, 30-40% കമ്മീഷനുമാണ് നൽകുന്നത്. വിപണനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരസ്യ ബോർഡുകളും, പഫ് ബോക്സുകളും മിൽമ ലഭ്യമാക്കുന്നു. കാലാകാലങ്ങളിൽ വിവിധ സംഘടനകൾ വഴിയും ഏജൻറുമാർക്ക് അധിക വിൽപ്പനയ്ക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.

(ഇ) ഇല്ല.

(എഫ്) ഏജൻറുമാരുടെ കമ്മീഷനും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേരള കാർഷിക സർവ്വകലാശാലയിൽ അഗ്രി.ഫാക്കൽറ്റിയിലെ വിവിധ വകുപ്പുകളിലെ അദ്ധ്യാപക നിയമനം

142 [2132] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ അഗ്രി-ഫാക്കൽറ്റിയിലെ വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചു വരുന്ന അദ്ധ്യാപക തസ്തികകളുടെ എണ്ണം വകുപ്പു തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ വകുപ്പുകളിലും പ്രസ്തുത തസ്തികകളിൽ നിയമനം ലഭിച്ചിട്ടുള്ള പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ എണ്ണം എത്ര ആണെന്നും അവർക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ മതിയായ പ്രാതിനിധ്യം ഇല്ലാതിരുന്നിട്ടും അദ്ധ്യാപക തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ടുമെൻറ് നടത്താതെ ജനറൽ റിക്രൂട്ടുമെൻറിന് നോട്ടിഫിക്കേഷൻ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2002-ൽ 11-ാം കേരള നിയമസഭയിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ നിയമാനുസരണം ലഭിക്കേണ്ട പ്രാതിനിധ്യം ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നുള്ള ഉറപ്പനുസരിച്ച് ഏതെല്ലാം നടപടികളാണ് ഇന്നേവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly